# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 5218/25 തിയ്യതി : 18.12.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

ഉഷ വേണുഗോപാൽ
ഓം വിഹാർ
പൂങ്കുന്നം, തൃശ്ശൂർ.

പരാതിക്കാരി

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

എതിർകക്ഷി

**പരാതിയുടെ സംക്ഷിപ്ത രൂപം :**

ശ്രീമതി. ഉഷ വേണുഗോപാലിന്റെ പേരിലുളള (കൺസ്യൂമർ നമ്പർ : 12398) സർവ്വീസ് കണക്ഷനിലെ 14.05.2025 ലെ 525697 നമ്പർ ബിൽ തുക അധികമായത് സംബന്ധിച്ചാണ് പരാതി. 19.03.2025 ൽ 2,669/- രൂപ, 14.05.2025 ൽ 14,024/- രൂപ, 14.07.2025 ൽ 5,353/- രൂപ എന്നിങ്ങനെയാണ് ബിൽ തുകകൾ. മീറ്റർ ചെക്കിന് അപേക്ഷിച്ചിരുന്നു. മീറ്റർ ചെക്ക് ചെയ്ത ശേഷം തകരാറില്ല എന്നറിയിച്ചു. അധിക ബിൽ തുക വരുന്നതിന് സാധ്യതകളില്ലാത്തതിനാൽ ആയത് പരിഹരിക്കുന്നതിനായാണ് സി.ജി.ആർ.എഫ്. മുൻപാകെ പരാതി നൽകിയിരിക്കുന്നത്.

**ഫോറത്തിന്റെ നടപടികൾ :**

26.07.2025 ന് യോഗം പരാതി ഫയലിൽ സ്വീകരിച്ചു. ലൈസൻസിക്കു വേണ്ടി സെക്ഷൻ 3 അസിസ്റ്റന്റ് എഞ്ചിനീയർ, ബില്ലിങ്ങ് അസിസ്റ്റന്റ് എന്നിവരിൽ നിന്നും സത്യവാങ്മൂലം ആവശ്യപ്പെട്ടു. 26.08.2025 ന് പരാതിക്കാരിയെ നേരിൽ കേൾക്കുന്നതിന് ഹാജരാകുന്നതിനായി അറിയിപ്പ് കൊടുത്തെങ്കിലും ഹാജരായില്ല. ആയതിനാൽ ഒരു ബില്ലിങ്ങ് സൈക്കിൾ പൂർത്തിയാകും വരെ ചെക്ക് മീറ്റർ സ്ഥാപിച്ച് പരിശോധിക്കുന്നതിന് അന്നേ ദിവസം ഇടക്കാല ഉത്തരവ് നൽകി.

**വിഷയത്തിൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 29.07.2025 ന് സമർപ്പിച്ച സത്യവാങ്മൂലം.**

30/630 എന്ന കെട്ടിട നമ്പറിൽ ശ്രീമതി. ഉഷവേണുഗോപാലൻ എന്നയാളുടെ പേരിൽ നൽകിയ കൺസ്യൂമർ നമ്പർ 12398 എന്ന സിംഗിൾ ഫേസ് കണക്ഷനിൽ വൈദ്യുതി ബിൽ കൂടുതലാണ് എന്ന പരാതി 28.05.2026 ൽ വൈദ്യുതി വിഭാഗത്തിൽ ലഭിക്കുകയുണ്ടായി. പരാതിയുടെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് മീറ്റർ പരിശോധിക്കുന്നതിനായി 26.06.2025 ന് ചെക്ക് മീറ്റർ സ്ഥാപിച്ചു. നിലവിലെ മീറ്റർ റീഡിംഗ് 16722.8 ഉം ചെക്ക് മീറ്റർ റീഡിംഗ് 6039.4 എന്നിങ്ങനെയാണ് ചെക്ക് മീറ്റർ സ്ഥാപിച്ച സമയം ഉണ്ടായിരുന്നത്. തുടർന്ന് 03.07.25 ന് ചെക്ക് മീറ്റർ അഴിച്ചെടുത്തു. 16797.1 ആയിരുന്നു നിലവിലെ മീറ്റർ റീഡിംഗ്. ചെക്ക് മീറ്റർ റീഡിങ്ങ് 6114.4 നിലവിൽ ഉളള മീറ്ററിന്റെയും ചെക്ക് മീറ്ററിന്റെയും റീഡിംഗ് തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലാത്തതിനാൽ മീറ്ററിന് തകരാർ ഇല്ലാത്തതാണ്.

ആയതിൻെറ അടിസ്ഥാനത്തിൽ ബിൽ അടയ്ക്കുന്നതിനും മീറ്റർ ടെസ്റ്റ് വകയിൽ 110/- രൂപ അടയ്ക്കുന്നതിനും അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. നിലവിൽ 14.05.2025, 14.07.2025 എന്നീ തീയതികളിൽ നൽകിയ ബില്ലുകൾ അപേക്ഷകൻ അടച്ചിട്ടില്ലാത്തതാണ്.

**വിഷയത്തിൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 01.12.2025 ന് സമർപ്പിച്ച സത്യവാങ്മൂലം.**

12398 എന്ന കൺസ്യൂമർ നമ്പറിലുള്ള വൈദ്യുതി കണക്ഷനിലെ 14.05.2025 ലെ ബിൽ കൂടുതൽ ആണെന്ന് ശ്രീമതി. ഉഷ വേണുഗോപാൽ പരാതി നൽകിയതിൻെറ അടിസ്ഥാനത്തിൽ CGRF – 5218/25 dt. 26.08.2025 നമ്പറിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ഉത്തരവിൽ പരാതിക്കാരൻെറ മീറ്റർ ചെക്ക് മീറ്റർ വച്ച് പരിശോധിക്കുന്നതിന് സെക്ഷൻ 3 അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതുപ്രകാരം 29.10.2025 ന് സ്ഥലത്ത് ചെക്ക് മീറ്റർ സ്ഥാപിച്ചു. സ്ഥാപിച്ച സമയത്തെ റീഡിംഗ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| Existing മീറ്റർ റീഡിങ്ങ് | - | 17411 |
| Check മീറ്റർ റീഡിങ്ങ് | - | 6241 |

ഒരു മാസത്തിനു ശേഷം 28.11.2025 ന് ചെക്ക് മീറ്റർ അഴിച്ചെടുത്തു. 28.11.2025 ലെ റീഡിംഗ് താഴെ പറയും വിധമാണ്.

| | | |
|---|---|---|
| Existing മീറ്റർ റീഡിങ്ങ് | - | 17411.5 |
| Check മീറ്റർ റീഡിങ്ങ് | - | 6241.5 |

രണ്ട് മീറ്റർ റീഡിങ്ങ് തമ്മിൽ വ്യത്യാസം ഇല്ലാത്തതിനാൽ മീറ്റർ തകരാർ ഇല്ലാത്തതാണ്. നിലവിൽ കെട്ടിടത്തിൽ താമസം ഇല്ലാത്തതിനാൽ ഉപയോഗം വളരെ കുറവായിട്ടാണ് വന്നിരിക്കുന്നത്.

**വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.**

കൺസ്യൂമർ നമ്പർ : 12398 കണക്ഷനിലെ മീറ്ററിന് തകരാറില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സെക്ഷൻ 3 റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ മേൽ സൂചന ഇടക്കാല ഉത്തരവിലെ നിർദ്ദേശപ്രകാരം ടി കണക്ഷനിലെ 14.05.2025 ലെ ബിൽ മാത്രം മാന്വൽ ആയി കാൽക്കുലേറ്റ് ചെയ്തതിനുശേഷം ആയത് സിസ്റ്റത്തിൽ എൻട്രി വരുത്തി ബിൽ റിവൈസ് ചെയ്തിട്ടുള്ളതാണ്. ആയതിൻെറ കോപ്പി ഇതോടൊപ്പം ചേർക്കുന്നു.

**ഫോറത്തിൻെറ നിഗമനം :**

സെക്ഷൻ എഞ്ചിനീയറുടെ 29.07.2025 ലെ റിപ്പോർട്ട് പ്രകാരം പരിശോധന മീറ്റർ സ്ഥാപിച്ച് 7 ദിവസം പരിശോധിച്ചപ്പോഴും 01.12.2025 ലെ റിപ്പോർട്ട് പ്രകാരം ഒരു ബില്ലിങ്ങ് സൈക്കിൾ പരിശോധിച്ചപ്പോഴും മീറ്ററിന് തകരാറില്ല എന്ന് കണ്ടെത്തി.

**ഉത്തരവ് നടപടികൾ :**

7 ദിവസത്തെ കുറഞ്ഞ കാലയളവിലും ഒരു ബില്ലിങ്ങ് സൈക്കിളിൻെറ കൂടിയ കാലയളവിലും പരാതിക്കാധാരമായ മീറ്റർ പരിശോധിച്ചു. പ്രഥമദൃഷ്ട്യാ അപാകത കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ ഉപഭോക്താവ് ബിൽ തുക അടവാക്കേണ്ടതാണ്. തുടർന്നും ഉപഭോക്താവിന് പരാതിയുള്ള പക്ഷം സപ്ലൈ കോഡ് 115 (2) പ്രകാരം നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ്ങ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ് (NABL) അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും ലബോറട്ടറിയിൽ മീറ്റർ പരിശോധിക്കാവുന്നതും ആയതിൻെറ പരിശോധനാ ഫലം പ്രകാരം തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതുമാണ്.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ<br>മെമ്പർ | വിനുകൃഷ്ണൻ. കെ<br>മെമ്പർ | ടി.എസ്. ജോസ്<br>ചെയർപേഴ്സൺ |